


ലേഖനം

കെ.ടി ഹുസൈൻ

# ‘ജിഹാദും’ ‘പ്രവാചകത്വ പരിസമാപ്തിയും’ പിന്നെ ഖാദിയാനികളും

**ജമാഅത്തെ** ഇസ്‌ലാമി അതിന്റെ ആരംഭ കാലം തൊട്ടേ പല കോണുകളിൽ നിന്നും ശക്തിയായി വിമർശിക്കപ്പെട്ടിട്ടുണ്ട്. മത-മതേതര മണ്ഡലങ്ങളിൽനിന്ന് ഒരുപോലെ വിമർശനം നേരിടേണ്ടിവന്ന ഒരേയൊരു മുസ്‌ലിം സംഘടന ഒരുപക്ഷേ ജമാഅത്തെ ഇസ്‌ലാമിയായിരിക്കും. വിമർശിക്കപ്പെടുന്നത് മോശപ്പെട്ട കാര്യമായി ജമാഅത്തെ ഇസ്‌ലാമി ഒരിക്കലും കരുതിയിട്ടില്ല. കാരണം ആദർശപരവും ധാർമികവുമായ കരുത്തുള്ള ഏതൊരു സംഘടനയും വിമർശിക്കപ്പെടുന്നതിൽ അത്തരം സംഘടനയെ സംബന്ധിച്ചേടത്തോളം പല പ്രയോജനങ്ങളുമുണ്ട്. തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ആദർശവും പ്രവർത്തന പദ്ധതികളും സമൂഹത്തിൽ നിരന്തരം ചർച്ച ചെയ്യപ്പെടാൻ നിമിത്തമാകുന്നുവെന്നതാണ് ഒരു പ്രയോജനം. സ്വയം തിരുത്താൻ അവസരമൊരുക്കുമെന്നുള്ളതാണ് രണ്ടാമത്തേത്. അതിനാൽ ജമാഅത്തെ ഇസ്‌ലാമി ഒരിക്കലും വിമർശനത്തെ ഭയപ്പെടുകയോ അ

തിൽ നിന്ന് ഒളിച്ചോടുകയോ ചെയ്തിട്ടില്ല. ആശയപരമായ ഏതൊരു വിമർശനത്തിനും പൊതുമണ്ഡലത്തിൽ നിന്നുള്ളതാണെങ്കിൽ പ്രത്യേകിച്ചും ജമാഅത്തെ ഇസ്‌ലാമിയുടെ വക്താക്കൾ അതിന് മറുപടി പറയാറുണ്ട്. അണികളുടെ പാർട്ടി പക്ഷപാതിത്വം ഉദ്ദീപിപ്പിക്കുന്നതിനായി മത പ്രസിദ്ധീകരണങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന വഴിപാട് വിമർശനങ്ങളെയാണ് ജമാഅത്ത് അവഗണിച്ചിട്ടുള്ളത്.

പക്ഷേ അടുത്ത കാലത്തായി ചില മതേതര പ്രസിദ്ധീകരണങ്ങൾ കൂടി ജമാഅത്തിന്റെ കാര്യത്തിൽ മത പ്രസിദ്ധീകരണങ്ങൾ പതിവ് ശീലമാക്കിയ വഴി പാട് വിമർശന രീതിയെ യാതൊരു സത്യ സന്ധതയോ തത്ത്വദീക്ഷയോ കൂടാതെ അനുകരിക്കാൻ തുടങ്ങിയിരിക്കുന്നു. നിലവാരമുള്ളതെന്ന് കരുതപ്പെടുന്ന ചില മതേതര പ്രസിദ്ധീകരണങ്ങളെ കരുവാക്കി നടത്തപ്പെടുന്ന ഈ വിമർശനം ജമാഅത്തെ ഇസ്‌ലാമിയോട് വൈര നിര്യാതനം തീർക്കാൻ കച്ച മുറുക്കിയിരിക്കുന്ന ചിലരുടെ ആസൂത്രിത ഗൂഢാലോചനയുടെ ഭാഗമാണെന്ന് അതിൽപ്പെട്ട ചിലരുടെ നാവിൽനിന്ന് തന്നെ പുറത്ത് വരികയും ചെയ്തിരിക്കുന്നു. ജമാഅത്തെ ഇസ്‌ലാമിയെ നിരോധിക്കണമെന്ന് കേരളാ ഹൈക്കോടതിയിൽ കേസ് കൊടുത്തത് ഞങ്ങളും മുജാഹിദ് പ്രസ്ഥാനത്തിലെ ചിലരും ചേർന്നാണെന്ന ഒരു ഖാദിയാനി അനുയായിയുടെ വെളിപ്പെടുത്തലോടെയാണ് (*മലയാളം* വാരിക) ഈ ഗൂഢാലോചന പുറത്തായത്. ഇസ്‌ലാമിൽനിന്ന് പുറത്തുപോയവരായി മുസ്‌ലിം ലോകം ഒന്നടങ്കം പ്രഖ്യാപിച്ചിട്ടുള്ള ഖാദിയാനികളോട് ചേർന്ന് പോലും ഒരു സഹോദര മുസ്‌ലിം സംഘടനയെ തകർക്കാൻ ശ്രമിക്കുന്നതിലെ ഇസ്‌ലാംസ്നേഹത്തെ കുറിച്ചാലോചിച്ച് സഹതപിക്കുകയല്ലാതെ എന്തു ചെയ്യാൻ.

മതേതര പ്രസിദ്ധീകരണങ്ങളിൽ അടുത്ത കാലം വരെ ജമാഅത്ത് വിമർശനത്തിനുള്ള ഒരേയൊരായുധം മതേതരത്വം, ജനാധിപത്യം, ദേശീയത എന്നിവയോടുള്ള മൗദൂദിയുടെ ചില താത്വിക വിമർശനങ്ങളായിരുന്നു. ജമാഅത്തിന്റെ രണ്ട് പ്രധാന 'മതേതര' വിമർശകരായ ഹമീദ് ചേന്ദമംഗല്ലൂരും എം.എൻ കാരശ്ശേരിയും രണ്ടോ മൂന്നോ പതിറ്റാണ്ടുകളായി എഴുതികൊണ്ടിരിക്കുന്നതത്രയും അവയെ ചുറ്റിപ്പറ്റി മാത്രമാണ്. ഇവരുടെ വിമർശനത്തിനിരയായ മൗദൂദിയുടെ മതേതര, ജനാധിപത്യ നിരൂപണത്തിന്റെ സ്വഭാവവും അതിന്റെ ചരിത്ര പശ്ചാത്തലവും വ്യക്തമാക്കപ്പെടുകയും ജനാധിപത്യത്തോടും മതേതരത്വത്തോടുമുള്ള ജമാഅത്തിന്റെ പ്രായോഗിക നിലപാട് തുറന്ന പുസ്തകമാവുകയും ചെയ്തതോടെ ആ വിമർശനത്തിന്റെ കാറ്റ് ഏറെക്കുറെ പോയിക്കഴിഞ്ഞു. ഇപ്രകാരം ജമാഅത്ത് വിമർശകർ പാടെ നിരായുധരായി നിൽക്കുമ്പോഴാണ് തുരുമ്പെടുത്ത രണ്ടായുധങ്ങൾ ഖാദിയാനികൾ അവർക്കിട്ട് കൊടുക്കുന്നത്. *ഖത്മുന്നുബുവത്ത് അഥവാ പ്രവാചകത്വ പരിസമാപ്തി*, *അൽജിഹാദ് ഫിൽ ഇസ്‌ലാം* എന്നീ രണ്ട് മൗദൂദി കൃതികളിലെ ചില പരാമർശങ്ങളാണ് ഖാദിയാനി കൊല്ലക്കടയിൽ നിന്ന് രാകിയെടുത്ത് ഇപ്പോൾ ജമാഅത്തിന് നേരെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആയുധങ്ങൾ.

ഈ രണ്ട് കൃതികളിലെയും ചില പരാമർശങ്ങൾ വളരെയധികം അപകടകരമാണെന്നും അതിനാൽ അവയുടെ മലയാള വിവർത്തകന്മാർ വല്ലാതെ മയപ്പെടുത്തി അപകടം കുറച്ചാണ് അവ വിവർത്തനം ചെയ്തിരിക്കുന്നത് എന്നുമാണ് വിമർശനം. *ഖത്മുന്നുബുവത്തും അൽജിഹാദു ഫിൽ ഇസ്‌ലാമും* അപകടകരമായ ഗ്രന്ഥങ്ങളാണെന്ന വിമർശനം എത്രയോ കാലങ്ങളായി ഖാദിയാനികൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണെന്ന് ഉർദുവിലും മലയാളത്തിലുമുള്ള അവരുടെ പ്രസിദ്ധീകരണങ്ങൾ

വായിക്കുന്നവർക്കൊക്കെ അറിയാം. അതുകൊണ്ട് തന്നെയാണ് ജമാഅത്തിന് നേരെയുള്ള പുതിയ വിമർശനത്തിന്റെ പേറ്റന്റ് ഖാദിയാനികൾക്കാണെന്ന് പറഞ്ഞതും.

മൗദൂദിയോടും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളോടുമുള്ള ഖാദിയാനികളുടെ വിരോധം ന്യായമാണ്. കാരണം ഖാദിയാനികളുടെ നിഗൂഢ ലക്ഷ്യങ്ങളെയെല്ലാം പുറത്ത് കൊണ്ടുവരുന്നതിൽ പ്രധാന പങ്ക് വഹിച്ച തൂലിക മൗദൂദിയുടെതായിരുന്നു. പാകിസ്താൻ സ്ഥാപകരായ മുസ്‌ലിം ലീഗ് നേതാക്കളെ സ്വാധീനിച്ച് രാജ്യത്തിന്റെ മർമ സ്ഥാനങ്ങളിലെല്ലാം കയറി പറ്റി രാജ്യത്തെ തന്നെ സാമ്രാജ്യത്വ ശക്തികൾക്ക് ഒറ്റുകൊടുക്കാൻ ശ്രമിച്ചവരായിരുന്നു പാകിസ്താനിലെ ഖാദിയാനികൾ. ഇസ്രയേലിനെ പോലെ ഇസ്‌ലാമിനും മുസ്‌ലിം രാജ്യങ്ങൾക്കുമെതിരെ സാമ്രാജ്യത്വത്തിന് ഉപയോഗിക്കാൻ പാകത്തിൽ പാകിസ്താനെ രൂപപ്പെടുത്തുകയായിരുന്നു ഖാദിയാനികളുടെ ലക്ഷ്യം. സൈദ്ധാന്തികമായ ഇടപെടലിലൂടെ ഈ ഗൂഢാലോചനയെ പൊളിച്ചത് മൗദൂദിയാണ്. ഈ ഗൂഢാലോചനകൾക്കെതിരെയായിരുന്നു അമ്പതുകളിൽ പാകിസ്താനിൽ നടന്ന ഖാദിയാനിവിരുദ്ധ പ്രക്ഷോഭം.തുടക്കത്തിൽ സമാധാനപരമായി നടന്ന ഈ പ്രക്ഷോഭത്തെ അക്രമാസക്ത സമരമായി വളർത്തിയത് ഭരണകൂടം തന്നെയാണ്. അതിൽ മൗദൂദിക്കോ പാക് ജമാഅത്തെ ഇസ്‌ലാമിക്കോ യാതൊരു പങ്കുമുണ്ടായിരുന്നില്ല. പ്രക്ഷോഭത്തിന്റെ പേരിൽ ഒരു ജമാഅത്ത് പ്രവർത്തകൻ പോലും തെരുവിലിറങ്ങിയില്ലെങ്കിലും 'പ്രവാചകത്വ പരിസമാപ്തി'യെന്ന ഒരു കൊച്ചു ഗ്രന്ഥത്തിലൂടെ മുഹമ്മദ് നബിയുടെ അന്ത്യ പ്രവാചകത്വത്തെ അംഗീകരിക്കാത്ത ആർക്കും ഇസ്‌ലാമിൽ സ്ഥാനമില്ലെന്ന വസ്തുത മൗദൂദി അർഥശങ്കക്കിടയില്ലാത്ത വിധം സ്ഥാപിച്ചു. അഹ്മദികളുടെ എല്ലാവിധ നിഗൂഢ ലക്ഷ്യങ്ങളെയും ചീട്ട് കൊട്ടാരം കണക്കെ തകർത്ത് കളഞ്ഞ വൈജ്ഞാനികമായ ഒരിടപെടലായിരുന്നു ഇത്. അവിടം മുതൽ തുടങ്ങിയതാണ് ഖാദിയാനികളുടെ മൗദൂദി വേട്ട. അതിനാൽ ഖാദിയാനികളുടെ മൗദൂദി വേട്ടയിലെ ആയുധങ്ങൾ മുസ്‌ലിം സംഘടനകളിൽ പെട്ട ചിലയാളുകളിപ്പോൾ തേച്ച് മിനുക്കി ജമാഅത്തിനെതിരെ ഉപയോഗിക്കുന്നതിലെ നെറികേടിനെ കുറിച്ച് എത്ര കുറച്ച് പറയുന്നുവോ അത്രയും നല്ലത്.

ഖതമുന്നുബുവത്തിൽ ഉദ്ധരിച്ച ഒരു നബിവചനത്തെ ചൊല്ലിയാണ് വിമർശനം. *കേരള ശബ്ദ*ത്തിൽ ആ വിമർശനം ആദ്യമായി ഉന്നയിക്കപ്പെട്ടപ്പോൾ തന്നെ ഈ ലേഖകൻ അതിന് *പ്രബോധന*ത്തിൽ മറുപടി എഴുതിയിരുന്നു. അതിനാൽ അതിവിടെ ആവർത്തിക്കുന്നില്ല. രണ്ടാമത്തെ വിമർശനം *അൽജിഹാദു ഫിൽ ഇസ്‌ലാം* എന്ന മൗദൂദിയുടെ ഗ്രന്ഥത്തെ കുറിച്ചാണ്. മൂല ഗ്രന്ഥത്തിലെ അപകടകരമായ പലതും മയപ്പെടുത്തിയോ വിട്ട് കളഞ്ഞോ ആണ് മലയാളത്തിൽ വിവർത്തനം ചെയ്തിരിക്കുന്നതെന്നാണ് വിമർശനം. *ജിഹാദ്* മലയാളത്തിൽ വിവർത്തനം ചെയ്തയാൾ എന്ന നിലക്ക് അതിനെ കുറിച്ച് ചിലത് സൂചിപ്പിക്കാനാണ് ഈ കുറിപ്പ്. മാസങ്ങൾക്ക് മുമ്പ് *കേരള ശബ്ദ*ത്തിൽ തന്നെയാണ് ഈ വിമർശനവും ആദ്യമായി വന്നത്. പിന്നീട് പലരും അത് ആവർത്തിക്കുകയുണ്ടായി. ഏറ്റവും ഒടുവിൽ *ചന്ദ്രിക* ദിനപത്രവും (6-2-2010) അത് പുനഃപ്രസിദ്ധീകരിച്ചിരിക്കുന്നു. ഒരു സ്വതന്ത്ര ലേഖനം എന്ന നിലക്കാണ് വിമർശനം *ചന്ദ്രിക* കൊടുത്തതെങ്കിലും അത് ആദ്യാവസാനം വരെ *കേരള ശബ്ദ*ത്തിൽ വന്നതിന്റെ പകർത്തിയെഴുത്ത് മാത്രമാണ്. അതുകൊണ്ടാണ് പുനഃപ്രസിദ്ധീകരണം എന്ന വാക്കുപയോഗിച്ചത്. *കേരള ശബ്ദം* ആര്യാടൻ ഷൗക്കത്തുമായി ഈയിടെ നടത്തിയ അഭിമുഖത്തിലും അതിനെ കുറിച്ച് സൂചനയുണ്ട്. *കേരള ശബ്ദ*ത്തിൽ വരുന്നതിന് മുമ്പു തന്നെ ഈ വിമർശനം ആരോ

ഇമെയിലിലൂടെ പ്രചരിപ്പിച്ചിരുന്നു. ഈ കുറിപ്പുകാരൻ അതിന് ഇ–മെയിലിലൂടെ തന്നെ മറുപടിയും നൽകിയിരുന്നു. *കേരള ശബ്ദം* ലേഖകന്റെ പുതിയ കണ്ടുപിടുത്തമായിരുന്നില്ല ആ വിമർശനം എന്ന് സാരം. ഇമെയിലിൽ നിന്ന് പകർത്തിയെടുത്ത് നേരെ പത്രത്തിലേക്കയക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്. അതുകൊണ്ട് കൂടിയാണ് അന്ന് അതിനെ അവഗണിച്ചത്.

*അൽജിഹാദ് ഫിൽ ഇസ്‌ലാം* അപകടകരമായ കൃതിയാണെന്ന് സ്ഥാപിക്കാൻ വിവർത്തനത്തിനെതിരെ ഉന്നയിക്കുന്ന ആരോപണങ്ങൾ ഇവയാണ്: 1. ഭരണകൂടം എന്നർഥമുള്ള ഹുകൂമത്ത് എന്ന പദത്തെ നാഗരിക ക്രമമെന്ന് പരിഭാഷപ്പെടുത്തി. 2. യുദ്ധത്തിലൂടെ ഉന്മൂലനം ചെയ്യണം എന്നർഥം വരുന്ന മൂലത്തിലെ വാചകം യുദ്ധം ഒഴിവാക്കി ഉന്മൂലനം ചെയ്യണം എന്ന് മാത്രം തർജമ ചെയ്തു. 3. പ്രവാചകൻ വാളെടുത്തുവെന്നർഥം വരുന്ന മൂലത്തിലെ വാചകം പരിഭാഷയിൽ വിട്ടു കളഞ്ഞു. 4. ഹുകുമെ ഖിതാൽ (യുദ്ധത്തിന്റെ വിധി), ജിസ്‌യേ കീ ഹഖീഖത്ത് (ജിസ്‌യയുടെ യാഥാർഥ്യം) എന്നീ ഉപശീർഷകങ്ങൾ വിട്ടു കളഞ്ഞു.

ഇതിന് മറുപടി പറയുന്നതിന് മുമ്പ് *അൽജിഹാദു ഫിൽ ഇസ്‌ലാം* എന്ന കൃതിയെ കുറിച്ച് ചിലത്. ഈ കൃതി ആർക്കെങ്കിലുമെതിരെ യുദ്ധത്തിന് ആഹ്വാനം ചെയ്ത് കൊണ്ടെഴുതിയ ഗ്രന്ഥമല്ല. മറിച്ച് ഇസ്‌ലാമിലെ ജിഹാദ് അക്രമവും ഭീകരതയുമാണെന്ന തെറ്റിദ്ധാരണ വ്യാപകമായപ്പോൾ ആ തെറ്റിദ്ധാരണ ദൂരീകരിക്കാൻ വേണ്ടി എഴുതിയ കൃതിയാണ്. ആ പശ്ചാത്തലത്തെക്കുറിച്ച് മൗദൂദി ആമുഖത്തിൽ സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഖിലാഫത്ത് സമരത്തിലൂടെ രൂപപ്പെട്ട ഹിന്ദു മുസ്‌ലിം മൈത്രി തകർക്കാൻ വേണ്ടി ബോധപൂർവം ഇസ്‌ലാമിനെതിരെ വിദ്വേഷ പ്രചാരണം നടത്തിയ സ്വാമി ശ്രദ്ധാനന്ദൻ എന്ന സന്യാസിയെ വികാരജീവിയായ ഏതോ ഒരു മുസ്‌ലിം കൊലപ്പെടുത്തിയപ്പോഴാണ് ജിഹാദിനെതിരെ വ്യാപകമായ പ്രചാരണം അരങ്ങേറിയത്. ഈ പശ്ചാത്തലത്തിലാണ് മൗലാനാ മുഹമ്മദലിയുടെയും മറ്റും ആഗ്രഹപ്രകാരം ജിഹാദിനെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്ന ഈ ഗ്രന്ഥം മൗദൂദി രചിക്കുന്നത്. അല്ലാമാ ഇഖ്ബാൽ, സയ്യിദ് സുലൈമാൻ നദ്‌വി തുടങ്ങിയ പ്രമുഖരുടെ പ്രശംസ പിടിച്ചുപറ്റിയ ഗ്രന്ഥം കൂടിയാണിത് എന്നുകൂടി ആനുഷംഗികമായി സൂചിപ്പിക്കുന്നു. മൗലാനാ സുലൈമാൻ നദ്‌വിയുടെ കീഴിലുള്ള ശിബ്‌ലി അക്കാദമിയാണ് ഈ ഗ്രന്ഥം ആദ്യമായി പ്രസിദ്ധീകരിച്ചതും. മൗദൂദി *ജിഹാദ്* എഴുതിയ കാലത്ത് ഇന്ത്യ ഒരു ദേശരാഷ്ട്രമായി രൂപപ്പെടുകയോ ഇവിടെ ഒരു ദേശീയ ഭരണകൂടം നിലവിൽ വരികയോ ചെയ്തിരുന്നില്ല. ഇന്ത്യയടക്കം മൂന്നാം ലോക രാജ്യങ്ങൾ മുഴുവൻ കൊളോണിയൽ ആധിപത്യത്തിലുമായിരുന്നു. അക്രമത്തിലും അനീതിയിലും അധിഷ്ഠിതമായ ഈ കൊളോണിയൽ ക്രമത്തെ ഭംഗ്യന്തരേണ സൂചിപ്പിക്കാനാണ് മൗദൂദി ഹുകൂമത്ത് എന്നു പ്രയോഗിച്ചത്. അതിനെതിരെ വിമോചനപരമായ പോരാട്ടമെന്ന ഒരാശയം മൗദൂദി മുന്നോട്ടു വെക്കുന്നുണ്ട്. അതിനാൽ മൗദൂദി മുന്നോട്ടു വെക്കുന്ന ആശയത്തിന്റെ വിശാലതയെ ധ്വനിപ്പിക്കാനാണ് നാഗരികക്രമം എന്ന പരിഭാഷ നൽകിയത്. മൂലകൃതിയിൽ ഭരണകൂടം, അധികാരം എന്നെല്ലാം നേരർഥമുള്ള ഹുകൂമത്ത് എന്ന പദമാണ് മൗദൂദി ഉപയോഗിച്ചതെങ്കിലും മതം, ശാസ്ത്രം, കല, ടെക്നോളജി എന്നിവയെ എല്ലാം ചലിപ്പിക്കുന്ന ഒരധികാര വ്യവസ്ഥ എന്ന അർഥത്തിലാണ് അതുപയോഗിച്ചിരിക്കുന്നതെന്ന് ആ ഭാഗം പൂർണമായി വായിച്ചാൽ മനസ്സിലാകും. അതിനാൽ അതിനെയെല്ലാം ഉൾക്കൊള്ളാൻ ഭരണകൂടം എന്നതിനേക്കാൾ നാഗരികവ്യവസ്ഥ എന്ന പരിഭാഷക്കാണ് കഴിയുക. ഏതൊരു കൃതി

യുടെയും വിവർത്തനത്തിൽ ഇത്തരം സ്വാതന്ത്ര്യങ്ങളൊക്കെയെടുക്കാൻ വിവർത്തകന് അവകാശമുണ്ട്. വിവർത്തനമെന്നത് പദാനുപദ തർജമ മാത്രമല്ല. പദാനുപദത്തിൽ ആശയവിവർത്തനത്തിന്റെ ചേരുവ കൂടി ചേർന്നാലേ ഏതൊരു വിവർത്തനവും വായനാക്ഷമമാവുകയുള്ളൂ.

'യുദ്ധത്തിലൂടെ ഉന്മൂലനം ചെയ്യണം' എന്നതിന് പകരം ഉന്മൂലം ചെയ്യണം എന്നു മാത്രം പറഞ്ഞതുകൊണ്ടും ആശയത്തിൽ യാതൊരു ചോർച്ചയുമുണ്ടാകുന്നില്ല. ഒരാളോട് ഇന്ന സ്ഥലത്ത് പോകണമെന്നു പറയുമ്പോൾ ബസ്സിലോ കാറിലോ പോകണം എന്നു പ്രത്യേകം പറഞ്ഞില്ലയെന്നത് കൊണ്ട് എന്തെങ്കിലും കുഴപ്പം സംഭവിക്കുമോ? പിന്നെ മറ്റൊരു കാര്യം: പോർച്ചുഗീസ് അധിനിവേശത്തിന്റെ പശ്ചാത്തലത്തിൽ ജിഹാദിന്റെ തത്ത്വങ്ങളും പ്രയോഗങ്ങളും വിവരിക്കുന്ന *തുഹ്ഫതുൽ മുജാഹിദീ*നെ കൊളോണിയൽ വിരുദ്ധ കൃതിയായി കൊണ്ടാടുകയും ബ്രിട്ടീഷ് അധിനിവേശത്തിന്റെ പശ്ചാത്തലത്തിൽ അതേ കൃത്യം നിർവഹിക്കുന്ന *അൽജിഹാദു ഫിൽ ഇസ്‌ലാം* ഇന്ത്യാ വിരുദ്ധമാണെന്ന് ധ്വനിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് പ്രകടമായ കാപട്യവും ഇരട്ടത്താപ്പുമാണ്.

ഹുകുമെ ഖിതാൽ (യുദ്ധത്തിന്റെ വിധി), ജിസ്‌യെ കീ ഹഖീഖത് (ജിസ്‌യയുടെ യാഥാർഥ്യം ) എന്നീ രണ്ട് ഉപ ശീർഷകങ്ങൾ ഒന്നാം പതിപ്പിൽ ഒഴിവാക്കിയിട്ടുണ്ട്. അങ്ങനെ ചെയ്തത് പുറത്തുപറഞ്ഞാൽ അപകടകരമായ ഒന്നും അതിൽ ഉണ്ടായതുകൊണ്ടല്ല. മറിച്ച് ആവർത്തനം ഒഴിവാക്കാൻ വേണ്ടി മാത്രമാണ്. ഇതിൽ യുദ്ധത്തിന്റെ വിധി എന്ന ഉപശീർഷകത്തിനു കീഴെ ആ അധ്യായത്തിൽ തുടക്കം മുതൽക്കേ പറഞ്ഞു വന്ന കാര്യം ഒന്നുകൂടി ചുരുക്കി വിവരിക്കുകയാണ്. പൊതുവെ അറബി, ഉർദു മതമീമാംസാ ഗ്രന്ഥങ്ങളുടെ പൊതുസ്വഭാവമാണിത്. എന്നാൽ മലയാളത്തിൽ ഇത്തരം ആവർത്തനം അരോചകമായി അനുഭവപ്പെടും. അതുകൊണ്ടാണ് ഒഴിവാക്കിയത്. 'ഹഖീഖതെ ജിസ്‌യ' എന്ന ഉപശീർഷകത്തിൽ പറയുന്ന കാര്യങ്ങൾ തന്നെ എട്ടാമധ്യായത്തിൽ 'സംരക്ഷിത പ്രജകളുടെ അവകാശം' എന്ന ഭാഗത്ത് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇസ്‌ലാമിക രാഷ്ട്രത്തിലെ ന്യൂനപക്ഷങ്ങളെ സൂചിപ്പിക്കാനുള്ള സംജ്ഞയാണ് ദിമ്മികൾ അഥവാ സംരക്ഷിത പ്രജകൾ. അവരുമായി ബന്ധപ്പെട്ട നിയമമാണ് ജിസ്‌യ. അതിനാൽ ജിസ്‌യയെക്കുറിച്ച് പറയേണ്ടതും അവിടെ തന്നെയാണ്. മൂലഗ്രന്ഥത്തിൽ ആവർത്തനം വന്നതുകൊണ്ടാണ് 'പരിഷ്കരണ ജിഹാദ്' എന്ന മൂന്നാമധ്യായത്തിൽനിന്ന് ആ ഭാഗം ഒഴിവാക്കുകയും 'പരിഷ്കൃത യുദ്ധ നിയമം' എന്ന എട്ടാം അധ്യായത്തിൽ അത് നിലനിർത്തുകയും ചെയ്തത്. ആവർത്തനത്തിന്റെ പേരിലുള്ള ഈ ഒഴിവാക്കലിനെപ്പോലും തൽപര കക്ഷികൾ വിവാദമാക്കിയപ്പോൾ ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പിൽ വിട്ടുകളഞ്ഞ ഈ രണ്ടു ഭാഗവും രണ്ടാം പതിപ്പിൽ അതുപോലെ നിലനിർത്തിയിട്ടുണ്ട്. 2008 സെപ്റ്റംബറിൽ *കേരള ശബ്ദം* ലേഖകൻ രണ്ട് അധ്യായങ്ങൾ വിട്ടുകളഞ്ഞതായി ആരോപണമുന്നയിക്കുന്ന സമയത്ത് മാർക്കറ്റിൽ ഉണ്ടായിരുന്ന, 2007 നവംബറിൽ പ്രസിദ്ധീകരിച്ച ജിഹാദിന്റെ രണ്ടാം പതിപ്പിൽ അതുള്ള കാര്യം അറിഞ്ഞിട്ടില്ല. ഒന്നാം പതിപ്പിറങ്ങിയ കാലത്ത് ആരോ ഇമെയിലിലൂടെ പ്രചരിപ്പിച്ച വിമർശനം കോപ്പിയടിച്ച വിമർശകന് അതൊന്നുമറിയേണ്ട കാര്യമില്ലല്ലോ. 2010-ൽ *ചന്ദ്രിക*യിലെഴുതിയ വിദ്വാൻ *കേരളശബ്ദ*ത്തിലെ കോപ്പിയടിക്കാരനെ വീണ്ടും കോപ്പിയടിച്ചിരിക്കുന്നു. രസകരമായ മറ്റൊരു കാര്യം, ജമാഅത്തെ ഇസ്‌ലാമിയെ ഫാഷിസ്റ്റാക്കാൻ ഇറങ്ങിത്തിരിച്ച ജൂനിയർ ആര്യാടൻ തന്റെ *ദൈവനാമത്തിൽ* എന്ന സിനിമയിൽ മൗദൂദിയുടെ *ജിഹാദാ*

ണെന്നു കരുതി പ്രദർശിപ്പിച്ചിരിക്കുന്നത് വാണിദാസ് എളയാവൂർ രചിച്ച *ജിഹാദ് സത്യവേദത്തിന്റെ ആത്മഭാവം* എന്ന പുസ്തകമാണ്.

*ജിഹാദ്* വിവർത്തനത്തെക്കുറിച്ച ഒടുവിലത്തെ വിമർശനം പ്രവാചകൻ വാളെടുത്തു എന്ന പരാമർശം ഒഴിവാക്കി എന്നാണ്. *ഹാത് മേം തൽവാർ ലി* എന്നത് യുദ്ധം ചെയ്തു എന്നതിനെ സൂചിപ്പിക്കാനുള്ള ഉർദുവിലെ മനോഹരമായ ആലങ്കാരിക പ്രയോഗമാണ്. പ്രവാചകൻ നടത്തിയ യുദ്ധത്തെ സൂചിപ്പിക്കാനാണ് മൂലത്തിൽ അതുപയോഗിച്ചിരിക്കുന്നത്. പ്രവാചകൻ വാളെടുത്തു എന്നു പറയുന്നതിനു പകരം യുദ്ധം ചെയ്തു എന്ന ആശയം വരുന്ന പ്രയോഗം നടത്തിയതാണ് വിവർത്തകന്റെ മഹാ അപരാധമായി ആരോപിച്ചിരിക്കുന്നത്. ഇസ്‌ലാമിന്റെ പ്രചാരണത്തിൽ യുദ്ധത്തിനോ വാളിനോ യാതൊരു പങ്കുമില്ലെന്നും മതത്തിന്റെ കാര്യത്തിൽ ബലാൽക്കാരം ഒരു കാരണവശാലും പാടില്ലെന്നും സമർഥിക്കാൻ ഒരധ്യായം തന്നെ മൗദൂദി നീക്കിവെച്ചിരിക്കുന്നു. ഇസ്‌ലാമിന്റെ പ്രചാരണവും വാളും എന്നാണ് ആ അധ്യായത്തിന്റെ പേര്. അതിന്റെ ഒടുവിൽ ഗത്യന്തരമില്ലാതെ പ്രവാചകന് ശത്രുക്കൾക്കെതിരെ യുദ്ധം ചെയ്യേണ്ടിവന്നു എന്ന് വ്യക്തമാക്കാനാണ് *ലേകിൻ ജബ് വഅ്സോം വ തൽഖീൻ കി നാകാമീ കെ ബാദ് ദാഇയെ ഇസ്‌ലാം ഹാത് മേം  തൽവാർ ലീ* എന്ന ആലങ്കാരിക പ്രയോഗം മൗദൂദി നടത്തുന്നത്. ഈ ആലങ്കാരിക പ്രയോഗം അതേപടി മലയാളത്തിൽ പദാനുപദം വിവർത്തനം ചെയ്യുമ്പോൾ ഭംഗി ചോർന്നുപോകുമെന്നതുകൊണ്ടാണ് അത് ചെയ്യാതെ യുദ്ധം ചെയ്തു എന്നു മാത്രം പറഞ്ഞത്. പ്രവാചകൻ വാളെടുത്തു എന്നെഴുതിയതിലൂടെ  മൗദൂദി എന്തോ പാതകം ചെയ്തു എന്ന് *സത്യദൂത*നെപ്പോലുള്ള ഖാദിയാനീ പ്രസിദ്ധീകരണങ്ങൾ വളരെ കാലങ്ങളായി പറഞ്ഞുകൊണ്ടിരുന്നതാണ്. ജിഹാദ് എടുത്തുകളയാൻ ബ്രിട്ടീഷുകാർ പ്രവാചക വേഷം കെട്ടിച്ച് രംഗത്തിറക്കിയ മിർസാ ഗുലാം ഖാദിയാനിയുടെ അനുയായികൾക്ക് പ്രവാചകൻ ജിഹാദ് ചെയ്തു എന്നു പറയുന്നത് സഹിക്കാനാവില്ല. എന്നാൽ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം അതിൽ അഭിമാനമേയുള്ളൂ. ■